(ഡി) ജൈവ നിയന്ത്രണ മാർഗ്ഗങ്ങൾ ഉപയോഗിച്ച് കീടരോഗങ്ങളെ നിയന്ത്രിക്കുന്ന മാർഗ്ഗങ്ങൾ കർഷകർക്കിടയിൽ പ്രചരിപ്പിക്കുന്നതിന് ചർച്ചാ ക്ലാസുകൾ, ഡമോൺസ്ട്രേഷനുകൾ എന്നിവ നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

97 (389) പച്ചക്കറി ഉല്പാദനം

ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1998-99 വർഷം മെയ് 31 വരെ കൃഷിവകുപ്പിന്റെകീഴിൽ എത്ര ടൺ പച്ചക്കറി ഉല്പാദിപ്പിക്കപ്പെട്ടുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഉല്പാദനച്ചെലവ് എത്രയെന്ന് വ്യക്തമാക്കുമോ;

(സി) ഇവ വിറ്റ വകയിൽ കൃഷി വകുപ്പിന് എന്തു തുക ലഭിച്ചു;

(ഡി) ഏതെല്ലാം ജില്ലയിലെ കൃഷിയിടങ്ങളിൽ നിന്നാണ് ഇവ ഉല്പാദിപ്പിച്ചതെന്ന് വ്യക്തമാക്കുമോ;

(ഇ) ഏറ്റവും കൂടുതൽ പച്ചക്കറി ഉല്പാദിപ്പിച്ച ജില്ല ഏതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1998-99 വർഷം മെയ് 31 വരെ കൃഷിവകുപ്പു നടപ്പിലാക്കിവരുന്ന ഊർജ്ജിത പച്ചക്കറി വികസന പദ്ധതി പ്രകാരം 326467.22 ടൺ പച്ചക്കറികൾ ഉല്പാദിപ്പിച്ചു. കൂടാതെ കേരള ഹോർട്ടികൾച്ചർ ഡവലപ്മെന്റ് പ്രോഗ്രാമിന്റെ പൈലറ്റ് പദ്ധതി പ്രകാരം ഈ കാലയളവിൽ 1.08 ലക്ഷം ടൺ പച്ചക്കറിയും ഉല്പാദിപ്പിച്ചു.

(ബി) കൃഷിവകുപ്പ് ഇതിനായി 5,62,50,000 രൂപ ചെലവഴിച്ചു.

(സി) വില്പന ഇനത്തിൽ 354.09 കോടി രൂപ വരവുണ്ടായി, ഈ തുക ഹരിതസംഘങ്ങളിൽ അംഗങ്ങളായ കർഷകർക്കാണ് ലഭിച്ചത്.

(ഡി) കേരളത്തിലെ എല്ലാ ജില്ലകളിലും ഈ പദ്ധതി പ്രകാരം പച്ചക്കറികൾ ഉല്പാദിപ്പിച്ചു.

(ഇ) ഇതുവരെയുള്ള കണക്കുകൾ അനുസരിച്ച് മലപ്പുറം ജില്ലയാണ് ഏറ്റവും മുന്നിൽ.

98 (390) പച്ചക്കറി ഉല്പാദനം

ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1997-98, 1998-99 എന്നീ വർഷങ്ങളിൽ സംസ്ഥാനത്ത് എത്ര ടൺ പച്ചക്കറികൾ ഉല്പാദിപ്പിച്ചു;

(ബി) 1995-96, 1998-99 എന്നീ വർഷങ്ങളിലെ സംസ്ഥാനത്തെ പ്രധാനപ്പെട്ട പച്ചക്കറികളുടെ വില കിലോഗ്രാമിന് എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly